# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VII** | **DEPARTMENT: MALAYALAM** | **DATE: 23-10-2021** |
| **Class Notes** | **Lesson: 7** | **Topic: ഉമ്മിണി വല്യ ഒന്ന്** |

**പദപരിചയം**

| | | |
|---|---|---|
| വാദ്ധ്യാർ | സമ്മേളിച്ചു | പരമസത്യം |
| പുകഴ്ത്തുക | സാഭിമാനം | സങ്കടത്തോടെ |
| അങ്കലാപ്പ് | പ്രസ്താവിച്ചു | കനിവോടെ |
| ഹാജർ | അത്ഭുതകരമായ | ഉപദേശിച്ചു |
| ഗുരുനാഥൻ | പ്രതിഫലനം | പ്രപഞ്ചസ്രഷ്ടാവ് |
| ലോകപ്രസിദ്ധം | സാമാന്യം | ജഗന്നിയന്താവ് |
| സമാധാനം | സഹപാഠികൾ | ഹൃദയപൂർവം |
| പരിഹാസപ്പേര് | സംഗതി | അപേക്ഷിച്ചു |

**അർത്ഥം**

ഉമ്മിണി = അല്പം

വാദ്ധ്യാർ = അധ്യാപകൻ

പുകഴ്ത്തുക = പ്രശംസിക്കുക

പരമസത്യം = യഥാർത്ഥ സത്യം

അങ്കലാപ്പ് = പരിഭ്രമം

സാഭിമാനം = അഭിമാനത്തോടെ

ആവലാതി = പരാതി

കനിവ് = ദയ

ജഗത്ത് = ലോകം

പള്ളിക്കൂടം = പാഠശാല

സ്തുതി = പ്രശംസ

തമ്മിൽത്തമ്മിൽ =പരസ്പരം

മന്ദഹസിക്കുക = പുഞ്ചിരിക്കുക

പൊരുൾ = അർത്ഥം

മന്ത്രിക്കുക = പറയുക

ജഗന്നിയന്താവ് = ജഗത്തിനെ നിയന്ത്രിക്കുന്നവൻ

**<u>പര്യായപദങ്ങൾ</u>**

വാദ്ധ്യാർ = ഗുരുനാഥൻ , അധ്യാപകൻ

മുഖം = ആനനം , വദനം

നദി = തടിനി , വാഹിനി

പുഞ്ചിരി = സ്മേരം , സ്മിതം

സത്യം = ഉൺമ , നേര്

സഹപാഠി =കൂട്ടുകാരൻ , സതീർഥ്യൻ

തല = ശീർഷം , മൗലി , ശിരസ്സ്

വചനം = വാക്ക് , ഉക്തി, വാണി

കുട്ടി = അർഭകൻ , ശിശു

പ്രാർത്ഥന = ജപം , ഈശ്വരധ്യാനം

**<u>വിപരീതപദം</u>**

ശ്രമം X വിശ്രമം

പ്രസിദ്ധം X കുപ്രസിദ്ധം

തടിച്ച X മെലിഞ്ഞ

സത്യം X അസത്യം

പുകഴ്ത്തുക X ഇകഴ്ത്തുക

വിശ്വാസം X അവിശ്വാസം

ശരി X തെറ്റ്

**<u>എതിർലിംഗം</u>**

മിടുക്കൻ X മിടുക്കി

ഗുരുനാഥൻ X ഗുരുനാഥ

അധ്യാപകൻ X അധ്യാപിക

മണ്ടൻ X മണ്ടി

മാതാവ് X പിതാവ്

ഉമ്മ X വാപ്പ

**<u>പിരിച്ചെഴുതുക</u>**

മിടുക്കിയായിരുന്നു = മിടുക്കി + ആയിരുന്നു

അങ്ങനെയാണ് = അങ്ങനെ + ആണ്

പൊട്ടിച്ചിരിച്ചു = പൊട്ടി + ചിരിച്ചു

ആയിത്തീർന്നു = ആയി + തീർന്നു

തമ്മിൽത്തമ്മിൽ = തമ്മിൽ + തമ്മിൽ

**<u>ചേർത്തെഴുതുക</u>**

തെറ്റ് + ആയിരിക്കാം = തെറ്റായിരിക്കാം

സങ്കടം + എല്ലാം =സങ്കടമെല്ലാം

അത് + അനുസരിച്ച് =അതനുസരിച്ച്

അറ്റത്ത് + ആയി= അറ്റത്തായി

കുട്ടികൾ + ഒക്കെ = കുട്ടികളൊക്കെ

**<u>ഉത്തരം എഴുതുക</u>**

1. മജീദിന്റെ കണക്കുകൂട്ടലിൽ ഒന്നും ഒന്നും ഉമ്മിണി വല്യ ഒന്ന് ആയതെങ്ങനെ ?

   രണ്ട് നദികൾ ചേർന്ന് ഒരു വലിയ നദിയായി മാറുന്നതുപോലെ ഒന്നും ഒന്നും ചേർന്ന് ഒരു വലിയ ഒന്നായി മാറും എന്ന് മജീദ് കരുതി. അങ്ങനെ മജീദിന്റെ കണക്കുകൂട്ടലിൽ ഒന്നും ഒന്നും ഉമ്മിണി വല്യ ഒന്നായി.

2. ' മണ്ടശ്ശിരോമണി' എന്ന് വാദ്ധ്യാർ മജീദിനെ വിളിക്കാൻ കാരണമെന്ത് ?

   കണക്കെന്നു കേൾക്കുമ്പോൾ തന്നെ മജീദിന് ഒരു അങ്കലാപ്പായതുകൊണ്ടും അവന്റെ ഒരു കണക്കും ശരിയാകാത്തത് കൊണ്ടുമാണ് 'മണ്ടശ്ശിരോമണി' എന്ന് വാദ്ധ്യാർ മജീദിനെ വിളിച്ചത്.

3. മജീദ് ജഗന്നിയന്താവിനോട് ഹൃദയപൂർവം അപേക്ഷിച്ചത് എന്താണ് ?

   എന്റെ റബ്ബേ , എന്റെ കണക്കുകളെല്ലാം ശരിയാക്കിത്തരണേ എന്നാണ് മജീദ് ജഗന്നിയന്താവിനോട് ഹൃദയപൂർവം അപേക്ഷിച്ചത്.

4. മജീദിന്റെ കണക്കുകളെല്ലാം ശരിയായി തുടങ്ങിയത് എപ്പോൾ? എങ്ങനെ ?

   തൊട്ടടുത്ത് വന്നിരുന്ന് സുഹ്റ മജീദിന് കണക്കുകളെല്ലാം കാണിച്ചു കൊടുക്കാൻ തുടങ്ങിയപ്പോളാണ് മജീദിന്റെ കണക്കുകളെല്ലാം ശരിയായി തുടങ്ങിയത്.

*******